"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിഡി)വകുപ്പ്**

സ.ഉ.(സാധാ) നം.2912/2022/LSGD തീയതി,തിരുവനന്തപുരം, 25-11-2022

---

പരാമർശം:-

1. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ (കുടുംബശ്രീ) 24/06/2022-ലെ ഗവേർണിംഗ് ബോഡി യോഗത്തിലെ അജണ്ട നമ്പർ 15-ന്റെ തീരുമാനം
2. എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീയുടെ 13.09.2022 ലെ 571/എം2- ജി/2021/കെഎസ്എച്ച്ഒ നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീയുടെ ജെൻഡർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സി.ഡി.എസ്. തലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൺമാരാണ് കമ്മ്യൂണിറ്റി കൗൺസിലർമാർ. സമൂഹത്തിലെ അരക്ഷിതാവസ്ഥ അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും തങ്ങളുടെ പ്രശ്നങ്ങൾ തുറന്നുപറയുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രാദേശിക തലത്തിൽ എത്തിപ്പെടാൻ സാധിക്കുന്ന റിസോഴ്സ് പേഴ്സൺമാരാണ് ഇവർ. ബിരുദ യോഗ്യതയോ അല്ലെങ്കിൽ 5 വർഷം കുടുബശ്രീ ജെൻഡർ പ്രവർത്തനങ്ങളിൽ റിസോഴ്സ് പേഴ്സൺമാരായി സേവനമനുഷ്ഠിച്ചവരോ ആയ കുടുംബശ്രീ അംഗങ്ങളിൽ നിന്നുമാണ് കമ്മ്യൂണിറ്റി കൗൺസിലർമാരെ ജില്ലാതലത്തിൽ തെരഞ്ഞടുക്കുന്നത്. പ്രവർത്തനങ്ങൾ വിപുലമാകുന്നതിനനുസരിച്ച് സൈക്കോളജി, സോഷ്യൽ വർക്കർ തുടങ്ങിയ വിഷയങ്ങളിൽ അക്കാദമിക് യോഗ്യതയുള്ളവരെയും വിവിധ ജില്ലകളിൽ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ, ഒരു മാസം പരമാവധി 9,000/- രൂപയാണ് ജെൻഡർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് അനുവദിക്കുന്ന ഓണറേറിയം. അതിനാൽ, ഒരു മാസം പരമാവധി 12 ദിവസം മാത്രമാണ് ചുമതലകൾ നൽകാൻ സാധിക്കുന്നത്. ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ ധാരാളമുള്ളതിനാൽ അധിക ദിവസങ്ങൾക്കുള്ള ഓണറേറിയം ലഭിക്കാതെയാണ് പലരും കൂടുതൽ ദിവസങ്ങളിൽ ജോലി ചെയ്യുന്നതെന്നതിനാൽ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ഒരു മാസത്തെ പരമാവധി ഓണറേറിയം 12,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനായുള്ള പ്രൊപ്പോസൽ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം പരിഗണിക്കുകയും ആയതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന്

പരാമർശം (1) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുയുണ്ടായി.

2.നിലവിൽ കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് ഓണറേറിയമായി എൻ.ആർ.എൽ.എം. പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി 3,02,40,000/- രൂപയാണ് ആവശ്യമായി വരുന്നതെന്നും ഓണറേറിയം 12,000/- രൂപയായി വർദ്ധിപ്പിക്കുന്നപക്ഷം ഈ ഇനത്തിൽ 4,03,20,000/- രൂപ ചെലവ് വരുന്നതാണെന്നും അധികമായി വേണ്ടി വരുന്ന തുകയായ 1,00,80,000/- രൂപ എൻ.ആർ.എൽ.എം. വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ഓണറേറിയം 9,000/- രൂപയിൽ നിന്നും 12,000/-രൂപയായി വർദ്ധിപ്പിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ തീരുമാനവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച്, കുടുംബശ്രീയുടെ ജെൻഡർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സി.ഡി.എസ്. തലത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ഓണറേറിയം 9,000/- രൂപയിൽ നിന്നും 12,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പകർപ്പ്: എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ& പിആർഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 25-11-2022 11:52:17
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി